2231
1/21/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഇടുക്കി ജില്ല - കുറിഞ്ഞിമല വന്യജീവി സങ്കേതത്തിൽ വ്യാജപട്ടയങ്ങൾ ഉപയോഗിച്ച് സ്ഥലം കൈവശം വയ്ക്കുകയും അനധികൃതമായി മരംമുറി നടത്തുകയും ചെയ്യുന്നു എന്ന ആരോപണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി - ശ്രീ.പി.യു.സാജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പുനഃപരിശോധനാ ഹർജി പരിഗണിച്ച് കുറ്റവിമുക്തനാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.23/2019/വനം** തിരുവനന്തപുരം, തീയതി, 19/01/2019

---

പരാമർശം:- (1) 02.02.2016-ലെ 5349/എ1/2014 നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(2) 08.08.2018-ലെ സ.ഉ.(സാധാ) നം. 371/2018/വനം

(3) 06.09.2018 തീയതിയായി ശ്രീ. പി.യു.സാജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പുനഃപരിശോധനാ ഹർജി

(4) 11.09.2018-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-15716/14 നമ്പർ കത്ത്

**ഉത്തരവ്**

കുറിഞ്ഞിമല വന്യജീവി സങ്കേതത്തിൽ വ്യാജപട്ടയങ്ങൾ ഉപയോഗിച്ച് സ്ഥലം കൈവശം വയ്ക്കുകയും അനധികൃതമായി മരംമുറി നടത്തിയതിന് കൂട്ടുനിന്നു എന്ന ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ.പി.യു.സാജു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഉൾപ്പെടെ 5 ഉദ്യോഗസ്ഥർക്കെതിരെ പരാമർശം (1) പ്രകാരം താഴെപ്പറയുന്ന ചാർജ്ജുകൾക്ക് കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം തീർപ്പാക്കുകയും ചെയ്തിരുന്നു.

(i) വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 18(1) പ്രകാരം വന്യജീവി സംരക്ഷണ കേന്ദ്രമായി 06.10.2006-ൽ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഇടുക്കി ജില്ലയിലെ കുറിഞ്ഞിമല വന്യജീവി സങ്കേതത്തിൽ ഉൾപ്പെട്ട കൊട്ടക്കമ്പൂർ, വട്ടവട വില്ലേജുകളിൽപ്പെടുന്ന സ്ഥലത്തെ യൂക്കാലി മരങ്ങൾ മുറിച്ച മാറ്റുന്നതിന് ഒത്താശ ചെയ്തു കൊടുത്തു.

(ii) പട്ടയ സ്ഥലം ഏതെന്ന് ഫീൽഡിൽ വ്യക്തമായി മനസ്സിലാക്കാൻ അടിസ്ഥാന രേഖകളോ സർവ്വെ സ്കെച്ചുകളോ ഇല്ലെന്നിരിക്കെ 06.10.2006 ലെ വിജ്ഞാപനത്തിലെ വന്യജീവി സങ്കേതത്തിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തു നിന്നും കോടതിവിധിയുടെ അടിസ്ഥാനത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിച്ച തെറ്റായ ഉത്തരവിന്റെ മറവിൽ യൂക്കാലി മരങ്ങൾ മുറിച്ച് മാറ്റുവാൻ മൂന്നാർ വൈൽഡ് ലൈഫ് വാർഡനായിരുന്ന ടിയാൻ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായി കൂട്ടുചേർന്നു.

(iii) ഒരിക്കൽപ്പോലും പ്രസ്തുത ഉത്തരവിൽ പറഞ്ഞ സ്ഥലങ്ങൾ സന്ദർശിക്കുകയോ, പരിശോധന നടത്തുകയോ ചെയ്തില്ല.

(iv) മരം മുറിക്കാൻ കൂട്ടുനില്ക്കുക വഴി സർക്കാർ സ്വത്ത് നഷ്ടപ്പെടുന്നതിന് ടിയാൻ ഒത്താശ ചെയ്തു കൊടുക്കുകയും അതുവഴി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും ചെയ്തു.

2) ശ്രീ.പി.യു.സാജുവിന് ഔദ്യോഗിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനും മേലിൽ അത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനും "ശാസന" നൽകിക്കൊണ്ടാണ് അച്ചടക്ക നടപടി തീർപ്പാക്കിയത്. ടിയാൻ പ്രസ്തുത ഉത്തരവിൻമേൽ പരാമർശം (3) പ്രകാരം പുനഃപരിശോധനാ ഹർജി സമർപ്പിച്ചു. റിവ്യൂഹർജിയിലെ വാദങ്ങൾ താഴെപ്പറയുന്നവയാണ്:

അനധികൃത മരംമുറി നടന്ന സ്ഥലം സന്ദർശിച്ചിട്ടില്ലെന്ന എൻക്വയറി ഓഫീസറുടെ കണ്ടെത്തൽ തെറ്റാണ്. പ്രസ്തുത സ്ഥലം സന്ദർശിക്കുകയും പരിശോധന നടത്തുകയും യഥാസമയം അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനും മറ്റു ജീവനക്കാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വന്യമൃഗ സങ്കേതത്തിൽ അനധികൃത മരംമുറി നടന്നിട്ടില്ല. ടിയാൻ പ്രസ്തുത സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയതിനുള്ള തെളിവ് ബോധിപ്പിക്കുന്നതിന് ഔപചാരികാന്വേഷണ വേളയിൽ അവസരം ലഭിച്ചിട്ടുമില്ല.

3) ശ്രീ.പി.യു.സാജുവിന്, ഔപചാരികാന്വേഷണ വേളയിൽ നിരപരാധിത്വം തെളിയിക്കുന്നതിന് മതിയായ അവസരം ലഭിച്ചില്ലായെന്നത് കണക്കിലെടുത്ത് സ്വാഭാവികനീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ടിയാനെ 08.11.2018-ന് നേരിൽ കേട്ടു.

4) നേരിൽ കേട്ട വേളയിൽ ടിയാൻ ഉന്നയിച്ച വാദങ്ങളും ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലുകളും വിശദമായി പരിശോധിച്ചു.

5) ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവ് മൂന്നാർ വൈൽഡ് ലൈഫ് വാർഡനായ ശ്രീ.പി.യു.സാജു മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയും വന്യജീവി സങ്കേതത്തിൽ നിന്ന് മരങ്ങൾ മുറിച്ചു കടത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് കീഴുദ്യോഗസ്ഥർക്ക് യഥാസമയം നിർദ്ദേശം നൽകിയിട്ടുള്ളതായി കാണുന്നുവെന്നും അതിനാൽ ചാർജ് 1, 2 എന്നിവ നിലനിൽക്കില്ലായെന്നും അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. ചാർ ജ് 3 നെ സംബന്ധിച്ച് കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥർക്ക് സ്ഥലം പരിശോധിച്ച് ഉറപ്പുവരുത്താൻ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലം സന്ദർശിക്കുകയോ പരിശോധിക്കുകയോ ചെയ്തിട്ടില്ല. ഇങ്ങനെ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയതുകൊണ്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി കാണുന്നില്ലായെന്നും, അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

6) ശ്രീ.പി.യു.സാജു. 13.07.2011 മുതൽ 02.03.2014 വരെ മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ ആയിരുന്നു. ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസർ മരംമുറിയ്ക്ക് അനുമതി നൽകിയത് വനം വകുപ്പ് അധികാരികളുമായി ബന്ധപ്പെട്ടതിനുശേഷമല്ല. കൂടാതെ കുറിഞ്ഞിമല സാങ്ചറിയുടെ അതിർത്തി നിർണ്ണയം ഇപ്പോഴും തീരുമാനമായിട്ടില്ലാത്തതാണ്. മരംമുറി നടന്ന വട്ടവട, കൊട്ടക്കാമ്പൂർ എന്നിവ കുറിഞ്ഞിമല സാങ്ചറിയുടെ പുറത്തായാണ് മാപ്പിൽ അടയാളപ്പെടുത്തിയിട്ടുള്ളത്. മരംമുറി നടന്ന സ്ഥലം ഉൾപ്പെടെ പല സ്ഥലവും സർക്കാർ സ്ഥലം, കൈയ്യേറ്റ സ്ഥലം, പട്ടയസ്ഥലം എന്നിവയിൽ തർക്കം ഇപ്പോഴും നിലനിൽക്കുന്നതാണ്. വനം വകുപ്പിന്റെ കൈവശമുള്ള ഭൂമിയിലല്ല മരംമുറി നടന്നതെന്ന് ഉറപ്പുവരുത്തുകയെന്നതാണ് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ചുമതല. കൂടാതെ ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസർ സ്ഥലം നേരിട്ട് പരിശോധന നടത്തി പട്ടയസ്ഥലമെന്ന് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ശ്രീ.പി.യു.സാജു ഹാജരാക്കിയ ടൂർ ഡയറി പരിശോധിച്ചതിൽ ടിയാൻ വട്ടവട, നീലക്കുറിഞ്ഞി സാങ്ചറികൾ ക്രമമായി സന്ദർശിച്ചിട്ടുള്ളതായി കാണാവുന്നതാണ്. കൂടാതെ അന്വേഷണാധികാരിയുടെ കണ്ടെത്തലിൽ ചാർജ് നാലിനായി 1 മുതൽ 3 വരെയുള്ള കുറ്റാരോപണങ്ങളിലേയ്ക്കുള്ള നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ "ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയതായി കാണുന്നില്ലയെന്ന" അഭിപ്രായത്തിൽ കുറ്റങ്ങൾ "സാധൂകരിക്കാവുന്നതല്ല" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.പി.യു.സാജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പുനഃപരിശോധനാ ഹർജി അനുവദിച്ച് ടിയാനെ പൂർണ്ണമായും കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.പി.യു.സാജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BIJI K
Date: 2019.01.19
17:18:59 IST
Reason: Approved

സെക്ഷൻ ഓഫീസർ